No. A1/53/2024/RUSA-SPD

തീയതി: 17-07-2024

പ്രേക്ഷിതൻ

സ്റ്റേറ്റ് പ്രോജക്ട് കോ-ഓർഡിനേറ്റർ

സ്വീകർത്താവ്

ഡയറക്ടർ,
വിവര - പൊതുജന സമ്പർക്ക വകുപ്പ്,
സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

OFFICE OF THE DIRECTOR OF TECHNICAL EDUCATION
18 JUL 2024
THIRUVANANTHAPURAM

സർ,

EA

വിഷയം :- അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നതിലേക്ക് വാർത്ത പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1. 16/07/2024-ലെ ഇതേ നമ്പർ വിജ്ഞാപനം

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. റൂസ-സംസ്ഥാന കാര്യാലയത്തിൽ ഒഴിവുള്ള സിസ്റ്റം അനലിസ്റ്റ് തസ്തികയിൽ അന്യത്ര സേവനവ്യവസ്ഥയിൽ നിലവിലുള്ള ചട്ടങ്ങളും വ്യവസ്ഥകളും പ്രകാരം സംസ്ഥാന സർക്കാർ സർവീസിലുള്ള യോഗ്യരായ ജീവനക്കാരെ നിയമിക്കുന്നതിലേക്ക് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു ) സംസ്ഥാനത്തെ വിവിധ പത്ര / ദൃശ്യ മാധ്യമങ്ങളിൽ വാർത്തയായി പ്രസിദ്ധീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു .

വിശ്വസ്തതയോടെ,

**RIGI A SUNNY**
**FINANCE OFFICER**
സ്റ്റേറ്റ് പ്രോജക്ട് കോ-ഓർഡിനേറ്റർക്കുവേണ്ടി

പകർപ്പ്:- 1. ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസവകുപ്പ് ഡയറക്ടറേറ്റ് തിരുവനന്തപുരം (കാര്യാലയത്തിലെ നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു)
2.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

Signed by
Ullas Krishnan S
Date: 17-07-2024 15:29:26

Notification No.A1/53/2024/RUSA Dated:16-07-2024

റൂസയിൽ സിസ്റ്റം അനലിസ്റ്റ് (അന്യത്രസേവനം) അപേക്ഷ ക്ഷണിച്ചു

ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) യുടെ തിരുവനന്തപുരം സംസ്ഥാന കാര്യാലയത്തിൽ സിസ്റ്റം അനലിസ്റ്റ് തസ്തികയിലെ ഒരു ഒഴിവിലേക്ക് അന്യത്രസേവന വ്യവസ്ഥയിൽ അപേക്ഷ ക്ഷണിച്ചു. ശമ്പള സ്കെയിൽ 59300-120900 (PR 22360-37940). സർക്കാർ എൻജിനീയറിംഗ്/ ആർട്സ് & സയൻസ് കോളേജുകളിൽ ഉള്ളവർക്കും സർക്കാർ പോളിടെക്നിക്ക് കളിൽ ഉള്ളവർക്കും അപേക്ഷിക്കാവുന്നതാണ്. അപേക്ഷകർ മേലധികാരിയുടെ നിരാക്ഷേപ പത്രം സഹിതം നിശ്ചിത മാതൃകയിൽ അപേക്ഷ നൽകണം. ഒന്നിൽ കൂടുതൽ അപേക്ഷകൾ ലഭിക്കുന്ന പക്ഷം അഭിമുഖത്തിലൂടെ ആയിരിക്കും നിയമനം നൽകുന്നത്. എൻജിനീയറിംഗിൽ ബിരുദാനന്തര ബിരുദം (കംപ്യൂട്ടർ/ഐ.റ്റി), PFMS –ലെ പരിചയം എന്നിവ അഭിലഷണീയമാണ്. താല്പര്യമുള്ളവർ **റൂസ സ്റ്റേറ്റ് പ്രോജക്ട് കോ-ഓർഡിനേറ്റർ, റൂസ സംസ്ഥാന കാര്യാലയം, ഗവ. സംസ്കൃത കോളേജ് ക്യാമ്പസ് പാളയം, യൂണിവേഴ്സിറ്റി പി.ഒ., തിരുവനന്തപുരം 695034** എന്ന വിലാസത്തിൽ തപാൽ മുഖേനയോ, **keralarusa@gmail.com** എന്ന ഇ-മെയിൽ വിലാസത്തിൽ ഇ-മെയിൽ മുഖേനയോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ റൂസ സംസ്ഥാന കാര്യാലയത്തിൽ ലഭിക്കേണ്ട **അവസാന തീയതി 30-07-2024 5.00pm** ആണ്. നിയമനം സംബന്ധിച്ച് റൂസ സ്റ്റേറ്റ് പ്രോജക്ട് കോ-ഓർഡിനേറ്റർ/പ്രോജക്ട് ഡയറക്ടർ-ടെ തീരുമാനം അന്തിമമായിരിക്കും.

Signed by
Sudhir K
Date: 16-07-2024 16:47:01

Sudhir K IAS
STATE PROJECT CO-ORDINATOR